ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 7-07-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) ഇന്ത്യ- ഇന്തോനേഷ്യ സമഗ്ര നയതന്ത്ര പങ്കാളിത്തം പുരോഗതിയുടെ പുതിയ തലങ്ങളിലേക്ക് പ്രവേശിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്തോനേഷ്യൻ പ്രസിഡൻറ് പ്രബോവോ സുബിയാന്തോയുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി.

**Prime Minister Narendra Modi said that the India–Indonesia Comprehensive Strategic Partnership has entered a new phase of progress. The Prime Minister held talks with Indonesian President Prabowo Subianto.**

2) വയനാട് മേപ്പാടിയിൽ തുരങ്കപാതക്ക് സമീപം വൻ മണ്ണിടിച്ചിൽ. 6 പേരെ മണ്ണിനടിയിൽ നിന്നും രക്ഷപ്പെടുത്തി. രക്ഷാപ്രവർത്തനം പുരോഗമിക്കുന്നു.

**A massive landslide occurred near the tunnel road project site at Meppadi in Wayanad. Six people were rescued from beneath the debris, and rescue operations are continuing.**

3)മഹാരാഷ്ട്രയിൽ അതിശക്തമായ മഴ തുടരുന്നു. ജാഗ്രത നിർദ്ദേശം നൽകി കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

**Heavy rainfall continues in Maharashtra. The India Meteorological Department has issued an alert.**

4) ബ്രിക്സ് വനിതാ പ്രവർത്തക സമിതി യോഗം കൊച്ചിയിൽ തുടരുന്നു. വനിതാ മന്ത്രിതല യോഗം നാളെ ആരംഭിക്കും.

**The BRICS Women's Working Group meeting is continuing in Kochi. The BRICS Women's Ministerial Meeting will begin tomorrow.**

5) ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് രാത്രി 9.30ന് അർജൻറീന-ഈജിപ്റ്റുമായി ഏറ്റുമുട്ടും.

**In the FIFA World Cup Football tournament, Argentina will take on Egypt tonight at 9:30 p.m.**

&&&&&&&&&&&&&&&&&&

## HEADLINE-1

### PM INDONESIA(INTRO)

*ഇന്ത്യയും ഇന്തോനേഷ്യയുമിടയിൽ വളർന്നു വരുന്ന പരസ്പര വിശ്വാസം ഇരുരാജ്യങ്ങളുടെയും പ്രതിരോധ സഹകരണം ശക്തിപ്പെടുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. നീല സമ്പദ്‌വ്യവസ്ഥ, തുറമുഖ വികസനം, സമുദ്ര കേന്ദ്രീകൃത വ്യാപാരം എന്നിവയിൽ സഹകരണം ആഴത്തിലാക്കാൻ തീരുമാനിച്ചതായും ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോയുമായി നടത്തിയ ഉഭയകക്ഷി ചർച്ചക്ക് ശേഷമുള്ള സംയുക്ത പ്രസ്താവനയിൽ അദ്ദേഹം പറഞ്ഞു. ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ സുരക്ഷ ശക്തിപ്പെടുത്തുന്നതിന് ഇരു രാജ്യങ്ങളുടെയും തീരദേശ സേനകൾ ഒരുമിച്ച് പ്രവർത്തിക്കുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ഇന്ത്യ- ഇന്തോനേഷ്യ സമഗ്ര നയതന്ത്ര പങ്കാളിത്തം പുരോഗതിയുടെ പുതിയ തലങ്ങളിലേക്ക് പ്രവേശിച്ചതായും ശ്രീ മോദി പറഞ്ഞു.*

*(വോയിസ് -പ്രധാനമന്ത്രി )*

***നിർമിത ബുദ്ധി, ടെലികമ്മ്യൂണിക്കേഷൻസ്, ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചർ തുടങ്ങിയ മേഖലകളിലെ സാങ്കേതിക സഹകരണം ശക്തിപ്പെടുത്തുന്നതിന് സുപ്രധാന കരാറുകളിൽ ഇരു രാജ്യങ്ങളും ഒപ്പുവച്ചു. സ്റ്റാർട്ടപ്പ് സഹകരണം കൂടുതൽ ആഴത്തിലാക്കാനും ചർച്ചയിൽ ധാരണയായി. ഇതിൻറെ ഭാഗമായി, ഐഐഎം ബാംഗ്ലൂർ, ഇന്തോനേഷ്യയിൽ കാമ്പസ് സ്ഥാപിക്കും. ഇന്ത്യയുടെ ഏകീകൃത പേയ്മെന്റ് ഇന്റർഫേസ് , യുപിഐ ഇന്തോനേഷ്യയുടെ പേയ്മെന്റ് സംവിധാനവുമായി സംയോജിപ്പിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. പ്രതിരോധം, വ്യാപാരം, ഊർജ്ജം, ഭക്ഷ്യസുരക്ഷ, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം തുടങ്ങിയ മേഖലകളിലെ സഹകരണം വർധിപ്പിക്കുന്നതിനുള്ള കരാറുകളിലും ഇരു രാജ്യങ്ങളും ഒപ്പുവെച്ചു.***

&&&&&&&&&&&&&&&&&&

## CIVILIAN HONOUR

ഇന്തോനേഷ്യയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ ബിൻതാങ് ആദിപൂർണ ഓഫ് ദ റിപ്പബ്ലിക് ഓഫ് ഇന്തോനേഷ്യ പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് സമ്മാനിച്ചു. ബഹുമതി ഇന്ത്യയിലെ ജനങ്ങൾക്ക് സമർപ്പിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. ഇന്തോനേഷ്യൻ പ്രസിഡന്റിനും, സർക്കാരിനും അദ്ദേഹം നന്ദി രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&

## HEADLINE-2

## WAYANAD LANDSLIDE

വയനാട് മേപ്പാടിയിൽ തുരങ്കപാതക്ക് സമീപം വൻ മണ്ണിടിച്ചിൽ . കള്ളാടി മീനാക്ഷി പാലത്തിന് സമീപം ഉണ്ടായ മണ്ണിടിച്ചിലിൽ, മണ്ണിനടിയിൽ കുടുങ്ങിയ 6 പേരെ രക്ഷപ്പെടുത്തി ആശുപത്രിയിലേക്ക് മാറ്റി. കൂടുതൽ ആളുകൾ കുടുങ്ങിക്കിടക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയാണ് . രാവിലെ 11.30 ഓടെയാണ് മണ്ണിടിച്ചിൽ ഉണ്ടായത്. 30-ഓളം തൊഴിലാളികൾ സമീപ പ്രദേശത്തുണ്ടായിരുന്നു എന്നാണ് പ്രാഥമിക വിവരം. എൻ.ഡി.ആർ.എഫിൻറെയും, ഫയർ ഫോഴ്സിന്റെയും നേതൃത്വത്തിൽ രക്ഷാ പ്രവർത്തനം പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&

## WAYANAD CM

വയനാട് മണ്ണിടിച്ചിലിന്റെ പശ്ചാത്തലത്തിൽ മുഖ്യമന്ത്രി വി.ഡി സതീശൻ ജില്ലയിൽ നിന്നുള്ള മന്ത്രി ടി. സിദ്ദിഖുമായി അടിയന്തര കൂടിക്കാഴ്ച നടത്തി. രക്ഷാ പ്രവർത്തനം ഏകോപിപ്പിക്കാനും മുഖ്യമന്ത്രി നിർദ്ദേശം നൽകി. മന്ത്രിമാരായ എ.പി അനിൽകുമാറിനോടും ടി.സിദ്ദിഖിനോടും വയനാട്ടിലേക്ക് തിരിക്കാനും മുഖ്യമന്ത്രി നിർദ്ദേശിച്ചു. വയനാട് ജില്ലാ കളക്ടറുമായും മുഖ്യമന്ത്രി ഫോണിൽ സംസാരിച്ചു. മീനങ്ങാടിയിൽ നിന്നുള്ള എൻ.ഡി.ആർ.എഫ് യൂണിറ്റ് ഉടൻ സംഭവ സ്ഥലത്തെത്തും. കോഴിക്കോടുള്ള സംഘത്തോടും വയനാട്ടിൽ എത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## T Siddhiq

തുരങ്കപാത നിർമാണവുമായി ബന്ധപ്പെട്ട് അശാസ്ത്രീയമായി മണ്ണ് കൂട്ടിയിട്ടതാണ് അപകടത്തിന് കാരണമായതെന്ന് മന്ത്രി ടി സിദ്ദിഖ്. കൊങ്കൺ അധികൃതർക്ക് അപകടസാധ്യത സംബന്ധിച്ച് മുന്നറിയിപ്പ് നൽകിയെങ്കിലും നടപടികളിൽ പാളിച്ച ഉണ്ടായതായി മന്ത്രി പറഞ്ഞു. ഇതിനെ ഗൗരവമായാണ് കാണുന്നതെന്നും, പരിശോധനയുണ്ടാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## HEADLINE-4

## BRICS-WOMEN MINISTERIAL MEET

ബ്രിക്സ് വനിതാ മന്ത്രിതല യോഗത്തിന് കൊച്ചിയിൽ നാളെ തുടക്കം. രണ്ട് ദിവസത്തെ യോഗത്തിൽ കേന്ദ്ര വനിതാ ശിശുവികസന വകുപ്പ് മന്ത്രി അന്നപൂർണാ ദേവി പങ്കെടുക്കും. വനിത കേന്ദ്രീകൃത വികസനം സംബന്ധിച്ച ചർച്ചകളിൽ ബ്രിക്സ് രാജ്യങ്ങളിൽ നിന്നുള്ള മന്ത്രിമാരും പങ്കെടുക്കുന്നുണ്ട്. സമ്മേളനത്തോടനുബന്ധിച്ചുള്ള സംയുക്ത പ്രഖ്യാപനത്തിന്റെ കരടിന്മേലുള്ള ചർച്ചകളും യോഗത്തിൽ നടക്കും. ബ്രിക്സ് വനിതാ പ്രവർത്തക സമിതിയുടെ രണ്ട് ദിവസത്തെ യോഗം

കൊച്ചിയിൽ പുരോഗമിക്കുകയാണ്. സ്ത്രീശാക്തീകരണം, സ്ത്രീകളുടെ നേതൃത്വത്തിലുള്ള വികസനം തുടങ്ങിയവയാണ് ഇന്നലെ ആരംഭിച്ച യോഗത്തിലെ പ്രധാനചർച്ചാ വിഷയം

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**Rubber(INTRO)**

കേരളത്തിലെ റബ്ബർ കർഷകർക്കും തോട്ടം മേഖലയ്ക്കും ആശ്വാസം പകർന്ന് റബ്ബർ വില സർവകാല റെക്കോർഡിലേക്ക്.

**വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി ദേവിക. എസ്......**

**(വോയിസ്)**

&&&&&&&&&&&&&&&&&&

**HEADLINE-3**

**IMD**

മഹാരാഷ്ട്ര, കർണാടക, ഗുജറാത്ത്, കൊങ്കൺ, ഗോവ, എന്നിവിടങ്ങളിൽ കനത്ത മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മഹാരാഷ്ട്രയിലെ തീരദേശ, മലയോര മേഖലകളിൽ അതി ശക്തമായ മഴയാണ് ഈ ദിവസങ്ങളിൽ അനുഭവപ്പെടുന്നത്. ലോണാവാലയിൽ 600 മില്ലിമീറ്റർ മഴ രേഖപ്പെടുത്തി. ഘാട്ട് മേഖലയിലെ മണ്ണിടിച്ചിൽ സാധ്യത കണക്കിലെടുത്ത് വിനോദ സഞ്ചാരകേന്ദ്രങ്ങൾ അടക്കം അടച്ചിരിക്കുകയാണ്. നാസിക്കിൽ മേഘവിസ്ഫോടനത്തിന് സമാനമായ അതിതീവ്ര മഴയുണ്ടായി. മുംബൈ, താനെ, നവി മുംബൈ, പൂനെ അടക്കമുള്ള സ്ഥലങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി നൽകിയിട്ടുണ്ട്. മണ്ണിടിച്ചിലിനെ തുടർന്ന് ഗതാഗതം നിർത്തിവച്ച മുംബൈ-

പൂനെ എക്സ്പ്രസ് വേ ഭാഗികമായി തുറന്നിട്ടുണ്ട്. എൻഡിആർഎഫ് എസ്ഡിആർഎഫ് സംഘങ്ങളെ പ്രദേശത്ത് വിന്യസിച്ചു .

&&&&&&&&&&&&&&&&&&

## RAIN

കേരളത്തിൽ ഇന്ന് വിവിധ ജില്ലകളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരളം - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും കർണാടക തീരത്ത് വെള്ളിയാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## JK-AMARNAT

അമർനാഥ് യാത്രയ്ക്കുള്ള 8,815 തീർത്ഥാടകർ അടങ്ങുന്ന ആറാമത്തെ സംഘം ഇന്ന് പുലർച്ചെ ജമ്മുവിലെ ഭഗവതി നഗർ ബേസ് ക്യാമ്പിൽ നിന്ന് യാത്ര തിരിച്ചു. സുരക്ഷിത യാത്ര ഉറപ്പാക്കാൻ പോലീസ്, സിആർപിഎഫ്, മറ്റ് സുരക്ഷാ ഏജൻസികൾ എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ ക്രമീകരണം ഒരുക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## CENSUS

കേരളത്തിൽ സെൻസസ് 2027 ന്റെ ഭാഗമായുള്ള വീടുകളുടെ വിവരശേഖരണം തുടരുന്നു. സെൽഫ് എന്യുമേറേഷൻ നടത്തിയവർക്ക് ഓൺലൈനിൽ ലഭിച്ച ഐ.ഡി പരിശോധിച്ച് വിവരങ്ങൾ സ്ഥിരീകരിച്ച ശേഷമാണ് വിവരശേഖരണം നടത്തുന്നത്. സെൽഫ് എന്യൂമറേഷൻ നടത്താത്ത കുടുംബങ്ങളുടെ വിവരങ്ങൾ എന്യുമറേറ്റർമാർ നേരിട്ട് രേഖപ്പെടുത്തും.

&&&&&&&&&&&&&&&&&&

## HEADLINE-5

## **FIFA WORLD CUP (INTRO)**

***ഫിഫ ലോകകപ്പ് പ്രീ-ക്വാർട്ടറിൽ ഇന്ന് രാത്രി 9.30ന് അർജന്റീന-ഈജിപ്റ്റുമായി ഏറ്റുമുട്ടും. പ്രീ-ക്വാർട്ടറിൽ ഇന്ന് നടന്ന മത്സരത്തിൽ, അമേരിക്കയെ ഒന്നിനെതിരെ നാല് ഗോളുകൾക്ക് തകർത്ത് ബെൽജിയം ക്വാർട്ടറിൽ പ്രവേശിച്ചു. പോർച്ചുഗലിനെ ഏകപക്ഷീയമായ ഒരു ഗോളിന് തകർത്ത് സ്പെയിനും ക്വാർട്ടറിൽ കടന്നു. പോർച്ചുഗൽ ടൂർണമെന്റിൽ നിന്ന് പുറത്തായതിന് പിന്നാലെ, അടുത്ത ലോകകപ്പിൽ കളിക്കില്ലെന്ന്, പോർച്ചുഗലിന്റെ ഇതിഹാസതാരം ക്രിസ്റ്റ്യാനോ റൊണാൾഡോ പ്രഖ്യാപിച്ചു.***

***ആകാശവാണി പ്രതിനിധി സുരേഷ് ബാബു ത യ്യാറാക്കിയ റിപ്പോർട്ട്.....***

***(വോയിസ്)***

&&&&&&&&&&&&&&&&&&

## **IND vs ENG T20**

ഇന്ത്യ-ഇംഗ്ലണ്ട് ട്വന്റി 20 പരമ്പരയിലെ മൂന്നാം മത്സരം ഇന്ന്. ഇന്ത്യൻ സമയം രാത്രി 10 മണിക്ക് ഇംഗ്ലണ്ടിലെ ട്രെന്റ് ബ്രിഡ്ജ് ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. പരമ്പരയിൽ ഇംഗ്ലണ്ട് 1-0ന് മുന്നിലാണ്.

&&&&&&&&&&&&&&&&&&

## **POK-PROTEST**

പാക് അധിനിവേശ കശ്മീരിൽ ജനകീയ പ്രതിഷേധം ശക്തം. 48 മണിക്കൂറിനുള്ളിൽ തങ്ങളുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ ജമ്മു കശ്മീർ ജോയിന്റ് അവാമി ആക്ഷൻ കമ്മിറ്റി പാകിസ്ഥാൻ സർക്കാരിന് അന്ത്യശാസനം നൽകി. പാക് സേനയുടെ നടപടികൾക്കെതിരെ വിവിധ പ്രദേശങ്ങളിൽ പ്രതിഷേധം ശക്തമായതോടെ വ്യാപക ഷെല്ലാക്രമണവും ഏറ്റുമുട്ടലുകളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഉപരോധം പിൻവലിക്കുക, ആശയവിനിമയ സേവനങ്ങൾ പുനഃസ്ഥാപിക്കുക, അവശ്യസാധനങ്ങളുടെ വിതരണം ഉറപ്പാക്കുക, അറസ്റ്റിലായ നേതാക്കളെ മോചിപ്പിക്കുക എന്നിവയാണ് പ്രതിഷേധക്കാരുടെ ആവശ്യങ്ങൾ.

&&&&&&&&&&&&&&&&&&

## FRANCE-WILDFIRE

ഫ്രാൻസിന്റെ തെക്കൻ മേഖലയിൽ കാട്ടുതീയെ തുടർന്ന് പതിനായിരത്തിൽ ഏറെപ്പേരെ മാറ്റിപ്പാർപ്പിച്ചു. സ്പാനിഷ് അതിർത്തിയ്ക്ക് സമീപമുള്ള ഗ്രാമങ്ങളിൽ നിന്നാണ് ആളുകളെ ഒഴിപ്പിച്ചത്. ശക്തമായ കാറ്റിൽ, തീ കൂടുതൽ പടർന്നു പിടിക്കാൻ സാധ്യതയുണ്ട്. അഗ്നിശമന പ്രവർത്തനങ്ങൾക്ക് വേണ്ട സഹായം നൽകുമെന്ന് യൂറോപ്യൻ യൂണിയൻ അറിയിച്ചു.

&&&&&&&&&&&&&&&&&&

## CHINA THUNDERSTORM

ചൈനയിൽ ശക്തമായ കാറ്റിലും കനത്ത മഴയിലും പത്ത് മരണം. നിരവധി പേരെ കാണാതായി. ശക്തമായ ചുഴലിക്കാറ്റിലും ഇടിമിന്നലിലും ഹൂബെയ് പ്രവിശ്യയിൽ എട്ടുപേരാണ് മരിച്ചത് . ഹുവാങ്ഗാങ് നഗരത്തിൽ 275 പേർക്ക് പരിക്കേൽക്കുകയും നാനൂറിലധികം പേരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുകയും ചെയ്തു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&